# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3448** **20.06.2018- ൽ മറുപടിയ്ക്ക്**

**<u>സാന്ത്വന പദ്ധതി പ്രകാരം ധനസഹായം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) 2015ൽ സൗദിയിലെ യമൻ അതിർത്തി പ്രദേശമായ ജിസാനിൽ ഷെൽ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി പനയപ്പിള്ളി തായലക്കളത്തിൽ ഫാറൂഖിന്റെ കുടുംബത്തിന് സൗദി ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 20.03.2018-ൽ നോർക്ക വകുപ്പിൽ നിന്നും A1/115/2018/ നോർക്ക നംപർ പ്രകാരം അയച്ച കത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) സൗദി അറേബ്യയിലെ ഇന്ത്യൻ എംബസ്സിയിൽ നിന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. മറുപടി ലഭിച്ചാലുടൻ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ്. |
| (ബി) സാന്ത്വന പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്നത്തേക്ക് ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) 02.06.2018-ലെ സ.ഉ.(സാധാ) നം.349/2018/നോർക്ക – പ്രകാരം ശ്രീമതി.നാദിറ ഫാറൂഖിന് ഒരു ലക്ഷം രൂപ മരണാനന്തര ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ